

സംസ്ഥാന സ്കൂൾ കലോൽസവത്തോടനുബന്ധിച്ചുള്ള ഘോഷയാത്രയിൽ നിന്ന്.



സംസ്ഥാന സ്കൂൾ കലോൽസവത്തിന്റെ രജിസ്ട്രേഷൻ,, മൽസരത്തിൽ പങ്കെടുക്കാനെത്തിയ വിദ്യാർഥിക്ക് മലയാള മനോരമയുടെ കിറ്റ് നൽകി ഡിപിഐ എം.എസ്.ജയ ഉദ്ഘാടനം ചെയ്യുന്നു. റോയ് മാത്യു, എസ്ഇആർടി ഡയറക്ടർ ഡോ.ഫാത്തിമ തുടങ്ങിയവർ സമീപം.
ചിത്രം. മനോരമ

## മനോരമ കിറ്റ് നൽകി രജിസ്ട്രേഷനു തുടക്കം

തിരുവനന്തപുരം ● സംസ്ഥാന സ്കൂൾ കലോൽസവത്തിന്റെ രജിസ്ട്രേഷൻ തൈക്കാട് മോഡൽ സ്കൂളിൽ ഡിപിഐ: എം.എസ്. ജയ ഉദ്ഘാടനം ചെയ്തു. മോഡൽ സ്കൂൾ വിദ്യാർഥിയായ എം.എസ്. ജയകൃഷ്ണനു പാർട്ടിസിപ്പേഷൻ കാർഡും 'മനോരമ കിറ്റും' കൈമാറിക്കൊണ്ടായിരുന്നു ഉദ്ഘാടനം. രവീന്ദ്രനാഥ് നായിക് അധ്യക്ഷത വഹിച്ചു. എഡിപിഐ ജോൺസ് വി. ജോൺ, എസ്സിഇആർടി ഡയറക്ടർ ഡോ. പി.എ. ഫാത്തിമ, റോയി മാത്യു, രജിസ്ട്രേഷൻ കമ്മിറ്റി കൺവീനർ ഇഗ്നേഷ്യസ് തോമസ് എന്നിവർ പ്രസംഗിച്ചു. ജില്ലയ്ക്ക് ഒന്ന് എന്ന ക്രമത്തിൽ 14 കൗണ്ടറുകളാണു രജിസ്ട്രേഷന് ഒരുക്കിയിട്ടുള്ളത്.



സംസ്ഥാന സ്കൂൾ കലോൽസവത്തോടനുബന്ധിച്ചുള്ള ഘോഷയാത്രയിൽ നിന്ന്.



## സംഘാടകരുടെ ശ്രദ്ധയ്ക്ക്: കലോൽസവ വേദിയിൽ കേട്ട പരാതികൾ

തിരുവനന്തപുരം ● പൂജപ്പുര ഗ്രൗണ്ടിൽ ആറു മണിക്കു തുടങ്ങേണ്ട തിരുവാതിര കളി ഏഴരയായിട്ടും തുടങ്ങിയില്ലെങ്കിലും പരാതികൾ അതിനു മുൻപു തന്നെ ഉയർന്നു തുടങ്ങി.

പരാതി ഒന്ന് : പെൺകുട്ടികൾ പങ്കെടുക്കുന്ന മൽസരയിനമായിട്ടും മേക്കപ്പിനുള്ള സൗകര്യം പൂജപ്പുര ഗ്രൗണ്ടിൽ ഇല്ല. സംഘാടകരുടെ കാലു പിടിച്ച് ഒരു കിലോമീറ്റർ അകലെ മറ്റൊരു സ്കൂൾ മുറി തുറന്നു മേക്കപ്പിനു സൗകര്യമൊരുക്കുകയായിരുന്നെന്നു വയനാട്ടിൽ നിന്നു വന്ന ഒരു രക്ഷിതാവിന്റെ പരാതി. മേക്കപ് കഴിഞ്ഞു തിരികെ ഗ്രൗണ്ടിലെത്താൻ മൂന്നു പ്രധാന ജംക്ഷനുകളിലെ തിരക്കു തടസമായി.

പരാതി രണ്ട് : പൂജപ്പുര ഗ്രൗണ്ടിൽ വേദിക്കു പിന്നിൽ മൂന്ന് ഇ - ടോയ്ലറ്റുകൾ കൊണ്ടുവച്ചെങ്കിലും ഉപയോഗിക്കാനുള്ള സൗകര്യമുണ്ടാക്കിയിട്ടില്ല. വെള്ളമില്ല, പിന്നിലെ കുഴി മൂടിയിട്ടില്ല. പെൺകുട്ടികൾ എന്തു ചെയ്യുമെന്ന് ഒരു മൽസരാർഥിയുടെ അമ്മ.

പരാതി മൂന്ന് : വിജെടി ഹാളിൽ ഹയർ സെക്കൻഡറി വിഭാഗം ഭരതനാട്യം നടക്കുമ്പോൾ നാലു കിലോമീറ്റർ അകലെ പൂജപ്പുര ഗ്രൗണ്ടിൽ ഹയർ സെക്കൻഡറി വിഭാഗം തിരുവാതിരകളി മൽസരം. രണ്ടിന്റെയും മേക്കപ് മാറ്റണമെങ്കിൽ മറ്റൊരു സ്കൂൾ മുറിയിലേക്കു പോകണം. രണ്ടു മൽസരങ്ങളിലും പങ്കെടുക്കേണ്ട മൽസരാർഥിയുടെ പിതാവ് ക്ലസ്റ്റർ മാറ്റി സഹായിക്കാൻ ആവശ്യപ്പെട്ടെങ്കിലും സംഘാടകർ സമ്മതിച്ചില്ലത്രേ. ഒടുവിൽ സ്വന്തം നിലയിൽ റിസ്കെടുത്ത് കുട്ടിയെ രണ്ടു മൽസരങ്ങളിലും പങ്കെടുപ്പിച്ചു. സമയത്ത് വേദിയിലെത്തിക്കാൻ ഓട്ടോക്കാരൻ പിടിച്ചുപറി നടത്തിയെന്നു രക്ഷിതാവിന്റെ പരാതി.

പരാതി നാല് : തമ്പാനൂർ റയിൽവേ സ്റ്റേഷനിൽ നിന്നു കാർമൽ സ്കൂളിലേക്കു ഓട്ടോറിക്ഷ പ്രീപെയ്ഡ് കൗണ്ടറിൽ 43 രൂപ. തിരക്കു കാരണം പുറത്തുനിന്ന് ഓട്ടോറിക്ഷ വിളിച്ചെത്തിയ രക്ഷിതാവിൽ നിന്ന് ഓട്ടോക്കാരൻ പിടിച്ചുവാങ്ങിയതു 100 രൂപ.



സംസ്ഥാന സ്കൂൾ കലോൽസവത്തിനു തുടക്കംകുറിച്ച് നടന്ന ഘോഷയാത്രക്കിടെ ദാഹമകറ്റുന്ന കുട്ടികൾ.